## അനുബന്ധം എച്ച്4

## നോട്ടീസ്

ശ്രീ. ജെയ്സൺ ആന്റണി, ജെ.എച്ച്.ഐ ഗ്രേഡ്-2, പി.എച്ച്.സി അറക്കുളം എന്നയാളെ അറിയിക്കുന്നതെന്തന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാര മുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണി ക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയൊ വിശദീകരണമൊ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 18/04/2024 തീയതിയിലെ എ5-4139/2020 ജി.മെ.ആ(ആ) ഇടുക്കി നമ്പർ പ്രകാരം 24/04/2024-ാം തീയതിയിൽ ഏറ്റവും ഒടുവിലറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിലറിയിച്ചിരി ക്കുന്നു. എന്നാൽ ആ കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ മേൽ വിലാസക്കാരൻ ഇപ്പോൾ അവിടെ താമസമില്ല എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേക്ക് മടക്കി അയക്കുകയുണ്ടായി. അതി നാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതും കെ.സി.എസ് & സി.സി.എ ചട്ടം 11 പ്രകാരം സർവ്വീസിൽ നിന്ന് പിരിച്ചു വിടുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണ രൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ആഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽ വിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

സ്വീകർത്താവ്;-

ശ്രീ.ജെയ്സൺ ആന്റണി
മലയത്തടത്തിൽ വീട്, കലത്തൂർ പി.ഒ
കുറുവിലങ്ങാട് -686633

ഡോ. മനോജ് എൽ

ജില്ലാ മെഡിക്കൽ ആഫീസർ (ആ) ഇടുക്കി

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
ഇടുക്കി

കെ.ജെ 1/13/5/24